തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗത്വം രാജി വയ്ക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും

*28 [28] ശ്രീ. ഇ. എം. അഗസ്തി:
,, ഡി. സുഗതൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗത്വം രാജിവയ്ക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും അനുസരിച്ചല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗത്വം രാജി വച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത രാജി സ്വീകരിച്ചിട്ടുണ്ടോ എന്നും അതിന് നിയമത്തിന്റെ പിൻബലമുണ്ടോ എന്നും വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) പ്രസ്തുത രാജി സംബന്ധിച്ച പരാതി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീർപ്പാക്കിയിട്ടുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

*29 [29] ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ആഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം ഏതു ഘട്ടത്തിലാണെന്നും, അതിന്റെ പ്രയോജനം ഏതെല്ലാം രീതിയിൽ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ സർക്കാർ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും, കമ്പ്യൂട്ടർവൽക്കരണം ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി.എഫ്. തോമസ്):

(എ) സംസ്ഥാനത്തെ 308 സബ് രജിസ്ട്രാർ ആഫീസുകളിൽ 114 എണ്ണം കമ്പ്യൂട്ടർവൽക്കരിച്ചു. 55 ആഫീസുകളുടെ നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ളവ 2004-2005, 2005-2006 വർഷങ്ങളിലായി കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരിക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർ ഉപയോഗിച്ച് കുടിക്കട സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിനാൽ അവ കാലതാമസം കൂടാതെ ജനങ്ങൾക്ക് ലഭ്യമാകുന്നു.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം 5,73,25,129 രൂപ കമ്പ്യൂട്ടർ വൽക്കരണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ നടപടികൾ എൻ.ഐ.സി., നിസി (NICSI), കുടുംബശ്രീ, കെൽട്രോൺ, ഡിറ്റ്സ് (DITS) കണ്ണൂർ, FIT ആലുവ എന്നീ ഏജൻസികളെ ആണ് ഏൽപ്പിച്ചിരുന്നത്.

ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് നടപടി

*30 [30] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ കേരളത്തിൽ ഒരു ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് പ്രോജക്ട് സമർപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതു പ്രദേശമാണ് പ്രോജക്ടിനു വേണ്ടി നിർദ്ദേശിക്ക പ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) പ്രോജക്ട് ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) അന്തർദ്ദേശീയ നിലവാരമുള്ള കൺവെൻഷൻ സെന്റർ കേരളത്തിൽ നിലവിൽ വരുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) ഇത്തരത്തിൽ രണ്ടു കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ചതിൽ ഒന്ന് തിരുവനന്തപുരം ജില്ലയിലെ ആക്കുളത്ത് സ്ഥാപി ക്കണമെന്ന് കാണിച്ച് കേരള മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിന് കത്ത് എഴുതുക യുണ്ടായിട്ടുണ്ട്.

(സി) ഇന്ത്യാ ഗവൺമെന്റിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുംവേണ്ടി സമർപ്പിച്ച ഈ നിർദ്ദേശത്തിന് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ പ്രാവർത്തികമാ ക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly